"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്-ജുഡീഷ്യറി-1989-ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്കായി എറണാകുളത്ത് ഒരു പ്രത്യേക കോടതി സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.166/2024/HOME തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം:-

1. ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) 20.01.2021 തീയതിയിലെ ഡി 7(ബി)-70947/1999 നമ്പർ കത്ത്.

2. സ.ഉ.(കൈ)നം.95/2022/ആഭ്യന്തരം തീയതി 09/05/2022·

3 09/11/2023 തീയതിയിലെ CM-CJ യോഗത്തിന്റെ നടപടി കുറിപ്പ്.

4 ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 23.03.2024 തീയതിയിലെ ഡി7(ബി)-48814/2010/ഡി II-3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1989-ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്കായി തിരുവനന്തപുരത്തും തൃശ്ശൂരും പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്,പുതിയതായി **3 തസ്തികകൾ** സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം ഇടമലയാർ കേസുകളുടെ വിചാരണയ്ക്കായി സ്ഥാപിച്ച താല്ക്കാലിക കോടതിയിൽ നിന്നും 6 **തസ്തികകളും,** മാറാട് കേസുകളുടെ വിചാരണയ്ക്കായി സ്ഥാപിച്ച താല്ക്കാലിക കോടതിയിൽ നിന്നും 1 **തസ്തികയും** ട്രാൻസ്ഫർ ചെയ്തു കൊണ്ട് 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്കായി എറണാകുളത്ത് ഒരു പ്രത്യേക കോടതി സ്ഥാപിക്കുന്നതിനുള്ള ശിപാർശ പരാമർശം (3)-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഹൈക്കോടതി രജിസ്ട്രാർ ജനറൽ പരാമർശം (4) പ്രകാരം സമർപ്പിക്കുകയുണ്ടായി.

2) ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പുതിയതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം ഇടമലയാർ കേസുകളുടെ വിചാരണയ്ക്കായി സ്ഥാപിച്ച താല്ക്കാലിക കോടതിയിൽ നിന്നും **6 തസ്തികകളും,** മാറാട് കേസുകളുടെ വിചാരണയ്ക്കായി സ്ഥാപിച്ച താല്ക്കാലിക കോടതിയിൽ നിന്നും **1 തസ്തികയും** ട്രാൻസ്ഫർ ചെയ്തു കൊണ്ട് ചുവടെ ചേർക്കുന്ന സ്റ്റാഫ് പാറ്റേണോടുകൂടി, 1989-ലെ പട്ടികജാതി പട്ടികവർ ഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്കായി എറണാകുളത്ത് ഒരു പ്രത്യേക കോടതി സ്ഥാപിയ്ക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| **ക്രമ നം.** | **പുതുതായി സൃഷ്ടിക്കുന്ന തസ്തികകൾ** | **തസ്തികയുടെ എണ്ണം** |
|---|---|---|
| 1 | സ്പെഷ്യൽ ജഡ്ജ് (ജില്ലാ ജഡ്ജ്) | 1 |
| 2 | ബഞ്ച് ക്ലാർക്ക് | 1 |
| 3 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| | **ആകെ** | 3 |

| **ക്രമ നം.** | **താല്ക്കാലിക കോടതികളിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്ന തസ്തികകൾ** | **തസ്തികയുടെ എണ്ണം** | **തസ്തികകൾ ട്രാൻസ്ഫർ ചെയ്യുന്ന താല്ക്കാലിക കോടതിയുടെ പേരുവിവരം** |
|---|---|---|---|
| 1 | ശിരസ്തദാർ | 1 | ഇടമലയാർ കേസുകളുടെ വിചാരണയ്ക്കായുള്ള പ്രത്യേക കോടതി, എറണാകുളം. |
| 2 | യു.ഡി ക്ലാർക്ക് | 1 | |
| 3 | എൽഡി ടൈപ്പിസ്റ്റ് | 1 | |
| 4 | ഡഫേദാർ | 1 | |
| 5 | ഓഫീസ് അറ്റൻഡന്റ് | 2 | |
| 6 | കോർട്ട് കീപ്പർ | 1 | മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതി, കോഴിക്കോട്. |
| **ആകെ** | | 7 | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്),കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E.No.2153065/EXP-D2/22- FIN തീയതി-20.06.2024 പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.2297 തീയതി 24/07/2024)

വെബ്ബ് & ന്യൂ മീഡിയ, ഐ &പി ആർ ഡി (ഗവ. വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreekumar S
Date: 26-07-2024 11:11:06

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-07-2024

ഫയൽ നം. സി5/164/2022/ആഭ്യന്തരം. ഇനം നം: 2297

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - പട്ടികജാതി പട്ടികവർഗ്ഗ (POA) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ വിചാരണയ്ക്കായി എറണാകുളത്ത് ഒരു പ്രത്യേക കോടതി സ്ഥാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

24 JUL 2024
6.30 PM

2297

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി5/164/2022/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി - പട്ടികജാതി പട്ടികവർഗ (POA) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ വിചാരണയ്ക്കായി എറണാകുളത്ത് ഒരു പ്രത്യേക കോടതി സ്ഥാപിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02.07. 2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.07.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.07.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 22.07.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.07.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്കായി പുതിയതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും താൽക്കാലിക കോടതികളിൽ നിന്നും 7 തസ്തികകൾ ട്രാൻസ്ഫർ ചെയ്തു കൊണ്ടും എറണാകുളത്ത് ഒരു സ്പെഷ്യൽ കോടതി സ്ഥാപിയ്ക്കുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) നിർദേശമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി 12 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് എറണാകുളത്ത് ഒരു സ്പെഷ്യൽ കോടതി ആരംഭിക്കുന്നതിനുള്ള നിർദേശം ഹൈക്കോടതി രജിസ്ട്രാർ സമർപ്പിച്ചിരുന്നു. ജീവനക്കാർ കുറവായതിനാൽ സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികൾ പ്രയാസപ്പെടുകയാണെന്നും ആയതിനാൽ മറ്റു കോടതികളിൽ നിന്നും ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് എറണാകുളം ജില്ലയിൽ പട്ടികജാതി-പട്ടികവർഗ അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി ഒരു പ്രത്യേക കോടതി സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്നും ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു.

3) ഫയൽ ധനകാര്യവകുപ്പിന് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു .

*"Administrative Dept. is requested to revert the file with revised proposal as per the final decision of CM-CJ meeting held on 09/11/2023.*

*This has the approval of Hon'ble Minister for Finance."*

4) 09/11/2023 ലെ CM–CJ യോഗത്തിൽ എടുത്ത തീരുമാനം ചുവടെ ചേർക്കുന്നു;

*"Six Special Courts namely,Edamalayar, Sooryanelli, EC Act Court, Marad Courts (Sessions and Judicial First Class Magistrate Courts) and Mark sheet court have completed their works. However, these Courts are continuing with additional judicial works,it is decided to shift 8 posts from these 6 Courts and only 4 posts would be created by Government to establish SC/ST Court at Ernakulam. The proposal to this effect once received from the High Court would be approved within 2 months of receipt with permission for inter-district transfer of such employees recruited by KPSC. It is decided to approve the proposal to create SC/ST Court at Ernakulam and Additional District Court, Thrissur by bifurcating Special Court under PC Act-cum-Additional District Court,Thrissur and to shift 12 (twelve) posts from the above mentioned defunct 6 (six) Courts requiring to create only 6 posts in total in both the courts. The proposal to this effect once received from the High Court, will be approved within two months."*

5) പുതിയതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം ഇടമലയാർ കേസുകളുടെ വിചാരണയ്ക്കായി സ്ഥാപിച്ച താല്ക്കാലിക കോടതിയിൽ നിന്നും 6 തസ്തികകളും മാറാട് കേസുകളുടെ വിചാരണയ്ക്കായി സ്ഥാപിച്ച താല്ക്കാലിക കോടതിയിൽ നിന്നും 1 തസ്തികയും ട്രാൻസ്ഫർ ചെയ്തു കൊണ്ട് ചുവടെ ചേർക്കുന്ന സ്റ്റാഫ് പാറ്റേണോടുകൂടി എറണാകുളത്ത് എസ്.സി/എസ്.റ്റി സ്പെഷ്യൽ കോടതി തുടങ്ങുന്നതിനായി, ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചു.

| നിർദ്ദിഷ്ട കോടതിയുടെ പേര് | ആവശ്യമായ ആകെ തസ്തികകൾ | പുതിയതായി അനുവദിക്കേണ്ട തസ്തികകളുടെ പേരും എണ്ണവും | താൽക്കാലിക കോടതികളിൽ നിന്നും ട്രാൻസ്ഫർ ചെയ്യാൻ നിർദേശ്ശിക്കപ്പെട്ട തസ്തികകൾ | തസ്തികകൾ ട്രാൻസ്ഫർ ചെയ്യുന്ന താൽക്കാലിക കോടതികൾ |
|---|---|---|---|---|
| എസ് സി/എസ്റ്റി സ്പെഷ്യൽ കോടതി, എറണാകുളം | 10 | സ്പെഷ്യൽ ജഡ്ജ് (ജില്ലാ ജഡ്ജ്-1) | ശിരസ്തദാർ-1 | ഇടമലയാർ കേസുകളുടെ വിചാരണയ്ക്കായുള്ള പ്രത്യേക കോടതി, എറണാകുളം |
| | | ബഞ്ച് ക്ലാർക്ക്-1 | യു.ഡി ക്ലാർക്ക്-1 | |
| | | | എൽ.ഡി ടൈപ്പിസ്റ്റ്-1 (ഫോട്ടോകോപ്പിയർ ഓപ്പറേറ്ററുടെ തസ്തിക പരിവർത്തനം നടത്തിയും മാറ്റിയും) | |
| | | കോൺഫിൻഷ്യൽ അസിസ്റ്റന്റ്-1 | ഡഫേദാർ-1 | |
| | | | ഓഫീസ് അറ്റന്റഡന്റ് -2 | |
| | | | കോർട്ട് കീപ്പർ-1 | മാറാട് കേസുകളുടെ വിചാരണയ്ക്കായുള്ള സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതി ,കോഴിക്കോട് |

6) ഫയൽ വീണ്ടും ധനകാര്യവകുപ്പിന് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു;

*"Finance agrees to accord administrative sanction for the establishment of the Special Court for the trial of offences under the SC/ST (PoA) Act at Ernakulam district by sanctioning 3 additional posts (Special Judge (District Judge) - 1, Bench Clerk-1, Confidential Assistant -1) and by transferring remaining 7 posts from the Special Court for the trial of Idamalayar cases, EKLM and Special Additional Sessions Court (Marad Cases), KKD as suggested by RHC.*

*This has the approval of Hon'ble Minister (Finance)"*

7) ഫയൽ ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ , ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

***തീരുമാനിക്കേണ്ട വിഷയം***

പുതിയതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം ഇടമലയാർ കേസുകളുടെ വിചാരണയ്ക്കായി സ്ഥാപിച്ച താല്ക്കാലിക കോടതിയിൽ നിന്നും 6 തസ്തികകളും മാറാട് കേസുകളുടെ വിചാരണയ്ക്കായി സ്ഥാപിച്ച താല്ക്കാലിക കോടതിയിൽ നിന്നും 1 തസ്തികയും ട്രാൻസ്ഫർ ചെയ്തു കൊണ്ട് ചുവടെ ചേർക്കുന്ന സ്റ്റാഫ് പാറ്റേണോടുകൂടി 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്കായി എറണാകുളത്ത് ഒരു സ്പെഷ്യൽ കോടതി സ്ഥാപിക്കുന്നതിനു അനുമതി നൽകാമോ?

| ക്രമ നം. | പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ജഡ്ജ് (ജില്ലാ ജഡ്ജ്) | 1 |
| 2 | ബഞ്ച് ക്ലാർക്ക് | 1 |
| 3 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| | **ആകെ** | **3** |

| ക്രമ നം. | താല്ക്കാലിക കോടതികളിൽ നിന്നും ട്രാൻസ്ഫർ ചെയ്യുന്ന തസ്തികകൾ | തസ്തികയുടെ എണ്ണം | തസ്തികകൾ ട്രാൻസ്ഫർ ചെയ്യുന്ന താല്ക്കാലിക കോടതികൾ പേരുവിവരം |
|---|---|---|---|
| 1 | ശിരസ്തദാർ | 1 | ഇടമലയാർ കേസുകളുടെ വിചാരണയ്ക്കായുള്ള പ്രത്യേക കോടതി, എറണാകുളം. |
| 2 | യു.ഡി ക്ലാർക്ക് | 1 | |
| 3 | എൽഡി ടൈപ്പിസ്റ്റ് | 1 | |
| 4 | ഡഫേദാർ | 1 | |